(സി) കൊച്ചി മെട്രോ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് തുടക്കം കുറിച്ചത് എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ എയർപോർട്ടിനാവശ്യമായ ഭൂമി അക്വയർ ചെയ്തത് എപ്പോഴായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സ്മാർട്ട് സിറ്റി കരാറിൽ ഒപ്പുവച്ചത് എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) വിഴിഞ്ഞം പദ്ധതിക്കാവശ്യമായ ഭൂമി അക്വയർ ചെയ്യലിനും അടിസ്ഥാന സൗകര്യവികസനത്തിനും തുടക്കം കുറിച്ചത് എപ്പോഴായിരുന്നു ; വിശദമാക്കുമോ ;

(ജി) കോഴിക്കോട് ബൈപ്പാസിന്റെ ഒന്നാംഘട്ട നിർമ്മാണം ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കൊച്ചി മെട്രോ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് ജി.ഒ.(എംഎസ്.)34/2010/ട്രാൻസ്, തീയതി 19-3-2010 പ്രകാരം 2010-ൽ തുടക്കം കുറിച്ചു.

(ഡി) കണ്ണൂർ വിമാനത്താവളത്തിന് സ്ഥലമെടുപ്പാരംഭിച്ചത് 1998-ലാണ്. ഒന്നാംഘട്ട സ്ഥലമെടുപ്പും രണ്ടാംഘട്ട സ്ഥലമെടുപ്പും പൂർത്തിയായി. മൂന്നാംഘട്ട സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു.

(ഇ) സ്മാർട്ട് സിറ്റി കരാറിൽ ഒപ്പ് വച്ചത് 13-5-2007-ൽ ആണ്.

(എഫ്) 2010 ആഗസ്റ്റിൽ വിഴിഞ്ഞം പദ്ധതിക്കാവശ്യമായ ഭൂമി അക്വയർ ചെയ്യലിനും അടിസ്ഥാന സൗകര്യ വികസനത്തിനും തുടക്കം കുറിച്ചു

(ജി) 18-2-1997-ൽ കോഴിക്കോട് ബൈപ്പാസിന്റെ ഒന്നാംഘട്ട നിർമ്മാണം ആരംഭിച്ചു.

## സഹകരണ, സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങൾ

**41 (T 1409)** <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഫണ്ട് മാത്രം ആശ്രയിച്ച് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയില്ലെന്ന് കരുതുന്നുണ്ടോ ; സഹകരണ, സ്വകാര്യ മേഖലകളിൽ നിക്ഷേപം വളർത്തിയെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാരിതരനിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുമ്പോൾതന്നെ സഹകരണ മേഖലയിൽ ഉയർന്നുവന്ന പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളെ ഏറ്റെടുക്കാൻ തീരുമാനിച്ചതുവഴി, നിക്ഷേപകർക്ക് നൽകുന്ന സന്ദേശം എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) സർക്കാർ ഇതര മേഖലകളിൽ വളർന്നുവരുന്ന ഏതെല്ലാം സ്ഥാപനങ്ങളെ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നു ; നെടുമ്പാശ്ശേരി വിമാനത്താവള കമ്പനിയെ സർക്കാരിന്റെ പൂർണ അധീനതയിലാക്കാനുദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സർക്കാർ ഫണ്ടിനുപുറമെ മറ്റ് സ്രോതസ്സുകളിലെ ഫണ്ടും വികസനപ്രവർത്തനങ്ങൾക്ക് മൂലധനം കണ്ടുപിടിക്കാൻ സഹായിക്കുന്നതാണ്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ വിവിധതലങ്ങളിൽ നിക്ഷേപ സൗഹൃദ സംഗമങ്ങൾ നടത്തിവരുന്നു.

(ബി) ആരോഗ്യമേഖലയ്ക്ക് സർക്കാർ മുന്തിയ പരിഗണനനൽകുന്നു.

(സി) തീരുമാനമായിട്ടില്ല. നെടുമ്പാശ്ശേരി വിമാനത്താവളത്തിനെ സർക്കാരിന്റെ പൂർണ്ണ അധീനതയിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

**പദ്ധതി അടങ്കൽ തുക**

**42 (T 1410)** <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12 മുതൽ ഓരോ വർഷവും അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്ര ; ഇവയ്ക്ക് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചുവോ ;

(ബി) ഓരോ വർഷവും ഓരോ വകുപ്പും ചെലവാക്കിയ തുക എത്ര ; പൂർണ്ണമായും പ്രസ്തുത തുക ചിലവാക്കിയോ ; ഇല്ലെങ്കിൽ ചെലവാക്കാനാകാത്ത തുക എത്ര ; ലാപ്സായ തുക എത്ര ; വകുപ്പുകൾ വകമാറ്റി ചെലവാക്കിയ തുക എത്ര ;

(സി) നടപ്പു വർഷം തീരുമാനിച്ച പദ്ധതി അടങ്കൽ തുക എത്ര ; വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; ആയത് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചത് എന്നാണെന്നും അനുമതി ലഭിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly